# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1607 | 02.07.2015 ലെ മറുപടിക്ക്

### തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 26(4) പ്രകാരം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തടസ്സരാഹിത്യപത്രം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടി പരിഗണിച്ചാണ് തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ പ്പെടുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അനുമതി നൽകുന്നത്. |
| (ബി) അനുമതി ലഭിക്കുന്നതിനായി ഏതു സാഹചര്യത്തിലാണ് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം.എ) മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതെന്ന് വിശദീകരിക്കാമോ;<br>(സി) ഗ്രാമപഞ്ചായത്ത് തലത്തിൽ നിന്നും വ്യത്യസ്തമായിഎന്തെല്ലാം കാര്യങ്ങളാണ് അനുമതി നൽകുന്നതിനായി കെ.സി.ഇസഡ്.എം.എ പരിഗണിക്കാറുള്ളതെന്ന് അറിയിക്കാമോ? | (ബി) & (സി) 2011 ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം CRZ പ്രദേശങ്ങളിൽ നിർമ്മാണങ്ങൾ നടത്തുന്നതിന് KCZMA യ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഴി അപേക്ഷ സമർപ്പിച്ച് അനുമതി തേടേണ്ടതാണ്. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 26.01.2013 ലെ 1722/എ 2/2012/ശാ.സാ.വ നമ്പർ സർക്കുലർ പ്രകാരവും 16.11.2013 ലെ 1779/എ 2/2012/ശാ.സാ.വ സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ